(ബി) പ്രസ്തുത പദ്ധതിയിൽ റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും എത്ര തുകയ്ക്കുള്ള റോഡ് പരിഷ്കരണ പ്രവൃത്തികൾക്ക് ഉത്തരവ് നൽകിയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

നെന്മാറ നിയോജകമണ്ഡലത്തിലെ ഐ.എ.വൈ. പ്രകാരമുള്ള പ്രവൃത്തികൾ

16 (4051) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ ഐ.എ.വൈ. പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പദ്ധതി പ്രകാരം വീട് അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് തുക പൂർണ്ണമായും കൊടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര തുകയാണ് കുടിശ്ശികയുള്ളതെന്ന് വിശദമാക്കുമോ ;

(സി) കുടിശ്ശിക തുക പൂർണ്ണമായും കൊടുത്ത് തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

നെന്മാറ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പ്രകാരമുള്ള പ്രവൃത്തികൾ

17 (4052) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പി.എം.ജി.എസ്.വൈ. പ്രകാരം നെന്മാറ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര റോഡുകളുടെ പ്രവൃത്തിയാണ് പൂർത്തീകരിച്ചതെന്നും ഇനി എത്രയെണ്ണം പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഫേസ് 5, ഫേസ് 7, ഫേസ് 8 എന്നിവയിലുൾപ്പെടുത്തി (നെന്മാറ, കൊല്ലങ്കോട് ബ്ലോക്കുകൾ) നെന്മാറ നിയോജകമണ്ഡലത്തിൽ 6 റോഡുകളുടെ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

1. കാമ്പ്രത്തുചള്ള മേച്ചിറ റോഡ്, കൊല്ലങ്കോട് ബ്ലോക്ക്

2. പാളിയമംഗലം മൂക്കൻച്ചിറ റോഡ്, നെന്മാറ ബ്ലോക്ക്

3. കണിമംഗലം കോഴിക്കോട് റോഡ്, നെന്മാറ ബ്ലോക്ക്

4. എൻ.എസ്.എസ്. കോളേജ് പൈറ്റാൻകുന്ന് റോഡ്, നെന്മാറ ബ്ലോക്ക്

5. അകംമ്പാടം ചാട്ടിയോട് ആലുവാശ്ശേരി റോഡ്, നെന്മാറ ബ്ലോക്ക്

6. പാപ്പാൻചള്ള ചെമ്മണാംതോട് റോഡ്, കൊല്ലങ്കോട് ബ്ലോക്ക്

(ബി) നെന്മാറ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം കൊല്ലങ്കോട് ബ്ലോക്കിലെ കാമ്പ്രത്തുചള്ള മേച്ചിറ റോഡ്, നെന്മാറ ബ്ലോക്കിലെ പാളിയമംഗലം മൂക്കൻച്ചിറ റോഡ് എന്നീ പ്രവൃത്തികളാണ് പൂർത്തീകരിച്ചിരിക്കുന്നത്. ഇനി നെന്മാറ ബ്ലോക്കിലെ മൂന്ന് റോഡുകളുടെയും കൊല്ലങ്കോട് ബ്ലോക്കിലെ ഒരു റോഡിന്റെയും (മൊത്തം നാല്) പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്.

ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ്

18 (T4053) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ് പ്രകാരം ഓരോ മണ്ഡലത്തിലും എത്ര തുക വീതമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുവരെയായി എത്ര മണ്ഡലങ്ങളിൽ തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര വീതമാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ ;

(സി) മണ്ഡലങ്ങളിൽ തുക അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly